(എ) കെ.എസ്.ആർ.ടി.സി.യിൽ ഇപ്പോൾ ദിവസക്കൂലിയിനത്തിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഓരോ കാറ്റഗറിയിലും എത്ര തൊഴിലാളികൾ വീതമാണെന്നു വ്യക്തമാക്കുമോ;

(സി) ഇവർക്ക് പ്രതിദിനം ലഭിക്കുന്ന ശമ്പളം എത്ര വീതമാണെന്നു വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി.യിൽ ഓരോ വിഭാഗത്തിലുമായി എത്ര വീതം ജീവനക്കാരുടെ കുറവുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യിൽ ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ് ചേഞ്ചിൽ നിന്ന് താൽക്കാലികാടിസ്ഥാനത്തിൽ നിയമനം ലഭിച്ച 5499 പേരും എംപാനൽ വ്യവസ്ഥയിൽ 3107 പേരും ദിവസക്കൂലിക്കാരായുണ്ട്.

(ബി) കണ്ടക്ടർ (എംപ്ലോയ്മെന്റ് നിയമനം)	- 1170
ഡ്രൈവർ (എംപ്ലോയ്മെന്റ് നിയമനം)	- 3720
കണ്ടക്ടർ (എം. പാനൽ)	- 1124
ഡ്രൈവർ (എം. പാനൽ)	- 1678
മെക്കാനിക്കൽ വിഭാഗം (എംപ്ലോയ്മെന്റ് നിയമനം)	- 609
സെക്യൂരിറ്റി ഗാർഡ് (എക്സ് സർവ്വീസ് ലീഗിൽനിന്നും)	- 305
ആകെ	- 8606

(സി) എംപ്ലോയ്മെന്റ് വഴി താൽക്കാലിക നിയമനം ലഭിച്ചിട്ടുള്ള വർക്ക്, അവർ ജോലി ചെയ്യുന്ന കാറ്റഗറിയുടെ ഏറ്റവും താഴ്ന്ന ഗ്രേഡിന്റെ മിനിമം ശമ്പളത്തിന്റെ 1/26 ആണ് ഒരു ദിവസത്തെ വേതനമായി കണക്കാക്കുന്നത്. എംപാനൽ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഡ്രൈവർക്ക് ഒരു ഡ്യൂട്ടിക്ക് 80 രൂപയും കണ്ടക്ടർക്ക് 70 രൂപയും സെക്യൂരിറ്റി ഗാർഡിന് 60 രൂപയും വേതനം നൽകിവരുന്നു.

(ഡി) ഓരോ വിഭാഗത്തിലുമുള്ള ജീവനക്കാരുടെ കുറവ് താഴെ ചേർക്കുന്നു:

ഡ്രൈവർ	-	5676
കണ്ടക്ടർ	-	2391
മെക്കാനിക്കൽ വിഭാഗം	-	900
ഗാർഡ്	-	311
പ്യൂൺ	-	168
സ്വീപ്പർ	-	36
സ്വീപ്പർ കം സ്കാവഞ്ചർ	-	20

66 (1030) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി.ജെ. പൗലോസ് :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു :

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരിൽനിന്ന് പി.എഫ്. ഇനത്തിൽ പിടിക്കുന്ന തുക പ്രത്യേക ഫണ്ടായി സൂക്ഷിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ ഫണ്ടിന്റെ അക്കൗണ്ടിൽ ഇപ്പോൾ എന്തു തുകയുണ്ട്;

(സി) ഈ ഫണ്ടിൽനിന്ന് എന്തെങ്കിലും തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക വകമാറ്റി ചെലവഴിച്ചു;

(ഡി) ഇതിന്റെ ഫലമായി കോർപ്പറേഷൻ ജീവനക്കാർ അപേക്ഷിക്കുന്ന പ്രോവിഡന്റ് ഫണ്ട് ലോൺ സമയത്തിനു അനുവദിക്കാനും തുക കൊടുക്കാനും സാധ്യമാകാതെ വന്നിട്ടുണ്ടോ;

(ഇ) ഇതിനു എപ്രകാരം പരിഹാരം കാണാൻ ഉദ്ദേശിക്കുന്നു;

(എഫ്) പി.എഫ്. തുക വകമാറ്റി ചെലവു ചെയ്തതിനെപ്പറ്റി അന്വേഷിക്കുമോ?

ഉത്തരം

(എ) പ്രത്യേക ഫണ്ടായി സൂക്ഷിക്കുന്നില്ല.

(ബി)-(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ലോൺ തുക അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകാറുണ്ട്.

(എഫ്) ഇതു സംബന്ധിച്ച് പരാതിയുണ്ടെങ്കിൽ അന്വേഷിക്കുന്നതാണ്.

67 (1031) കെ.എസ്.ആർ.ടി.സി.യുടെ ഷെഡ്യൂളുകൾ

ശ്രീ. കെ. പ്രകാശ് ബാബു :

പ്രൊഫ. മീനാക്ഷി തമ്പാൻ :

ശ്രീ. പി.എസ്. സുപാൽ :

ശ്രീമതി ആർ. ലതാദേവി :

ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ഇപ്പോൾ എത്ര ഷെഡ്യൂളുകൾ ഉണ്ട്;

(ബി) ഇവയിൽ ശരാശരി എത്ര ഷെഡ്യൂളുകൾ പ്രതിദിനം ഓപ്പറേറ്റ് ചെയ്യുന്നുണ്ട്;

(സി) എല്ലാ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യാൻ കഴിയാതിരിക്കുന്നതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് പരിഹരിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1.6.1999-ലെ കണക്കനുസരിച്ച് 3801 ഷെഡ്യൂളുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly